**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4548** **10-08-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ് വുമൺ ആയവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാമന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ക്രൈസിസിൽ അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി വകുപ്പ് ആരംഭിച്ചിട്ടുള്ള കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമിൽ ഹ്രസ്വ കാല താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എൻ.ജി.ഒ.കൾ മുഖേന 2 ട്രാൻസ്ജെൻഡർ ഹോമുകളാണ് പ്രവർത്തിച്ച വരുന്നത്. തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റി മുഖേന ട്രാൻസ്മെൻ വിഭാഗത്തിനായും, എറണാകുളം ജില്ലയിൽ സ്നേഹ ജ്യോതി ചാരിറ്റബിൾ ട്രസ്റ്റ് മുഖേന ട്രാൻസ് വുമൺ വിഭാഗത്തിനുമായാണ് ഹോം ആരംഭിച്ചിട്ടുള്ളത്. നിലവിൽ സർക്കാർ മഹിളാ മന്ദിരങ്ങൾ വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലാണ്. ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ട്രാൻസ് വുമൺ ആയവരെ മഹിളാ മന്ദിരങ്ങളിൽ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് വനിത ശിശു വികസന വകുപ്പ്, ട്രാൻസ്ജെൻഡർ വ്യക്തികളുടെ വിവിധ സംഘടനകൾ, ടി വിഷയത്തിൽ പ്രാവീണ്യമുള്ള വിദഗ്ധർ തുടങ്ങിയവരുമായുള്ള വിദഗ്ധ ചർച്ചയ്ക്ക് ശേഷം ടി വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ